(c) The Government of India have guaranteed the re-imbursement to this State, of a sum of Rs. 307·57 lakhs, in each of the 3 years 1950-51, 1951-52 and 1952-53; Rs. 282·23 lakhs in each of the years 1953-54 and 1954-55, and thereafter of amounts tapering down to Rs. 222·80 lakhs for the 10th year, *viz.*, 1959-60.

(d) With the Federal Financial Integration, the State became eligible for a subsidy of 75 per cent of the loss incurred on the sale of rice imported from outside, from the Government of India. Later on, however, the Government of India have revised their food subsidy scheme and only an amount of Rs. 150 lakhs is now offered for the year 1951. The matter has not been finally settled. An enhanced subsidy for food is expected.

ചവറ ആശുപത്രി

൧൩൫ (൧൫) ശ്രീ. ഇ. ഗോപാലൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ചവറ ആശുപത്രിയിലെ മെഡിക്കൽ ആഫീസറെപ്പറ്റി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും, നിയമവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ലഭിച്ചിട്ടുണ്ട്.

Unstarred questions posted for answer on 10th March 1951

ശിക്ഷണനടപടി

൧൩൬ (൪) ശ്രീ. ജി. എ. ലോപ്പസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ജീവനക്കാരെ ശിക്ഷിക്കുന്നതു സംബന്ധിച്ചുള്ള നടപടി, ശിക്ഷയുടെ തോതു് ഇവ നിശ്ചയിച്ചു എതെങ്കിലും റൂൾസ് ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ജീവനക്കാരെ ശിക്ഷിക്കുന്നതു സംബന്ധിച്ചു നടപടികൾക്കു് റൂളുണ്ട്.

Unstarred questions posted for answer on 14th March 1951

ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി

൧൩൭ (൧) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കു് ഫുഡ് പ്രൊഡക്ഷൻ കമ്മറ്റി സമാരംഭിച്ചതിനുശേഷം ഓരോ വർഷവും കർഷകരിൽ നിന്നും എത്ര പെറ്റീഷൻസ് കിട്ടിയിട്ടുണ്ടു്;

(ബി) അവയിൽ ഓരോ വർഷവും കമ്മറ്റി ചർച്ചചെയ്തു ഗവൺമെൻറിലേക്കു് റക്കമെൻറ് ചെയ്തിട്ടുള്ളവ എത്ര;

(സി) അവയിൽ എത്രയെണ്ണം സാങ്ഷൻ ചെയ്തിട്ടുണ്ടു്; സാങ്ഷൻ ചെയ്തിട്ടുള്ളതിൽ എത്രയെണ്ണം നടപ്പിൽ വരുത്തിയിട്ടുണ്ടു്?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും, വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കമ്മറ്റി സമാരംഭിച്ചതിനുശേഷം ഇതുവരെ ആകെ ൨൪൦ അപേക്ഷകൾ കിട്ടിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly